

**പോൾ കല്ലാനോട്**

*പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.*

# വരക്കാൻ പഠിക്കാം

## 4

ആദ്യം ഇതുവരെ പറഞ്ഞത് ചുരുക്കിപ്പറയാം. വരക്കാനാഗ്രഹമുണ്ടെങ്കിൽ വരച്ചുതുടങ്ങുക. ധൈര്യമായി വരക്കുക. ചിത്രങ്ങൾ നോക്കിയോ മറ്റുള്ളവർ പറയുന്നതുപോലെയോ വരക്കണ്ട.

ഒരു കാര്യം വിട്ടുപോയി. ചിത്രം വരച്ചു പഠിക്കുന്നത് മത്സരത്തിൽ പങ്കെടുക്കാനും സമ്മാനം വാങ്ങാനും വേണ്ടി മാത്രമാണെന്നൊരു വിചാരം വേണ്ട. നമുക്കിഷ്ടമുള്ളതു കൊണ്ട്, നമുക്കു സന്തോഷം തരുന്നതുകൊണ്ട്. നല്ല വാക്കുകൾ പറഞ്ഞോ സമ്മാനം തന്നോ ആരെങ്കിലും പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിൽ കുഴപ്പമില്ല.

പ്രകൃതിയെത്തന്നെ കണ്ടും നോക്കിയും മാറി മാറി നാം വരച്ചുകൊണ്ടേയിരിക്കുകയാണ്. പ്രകൃതി എന്നു പറയുമ്പോൾ പ്രകൃതിദൃശ്യങ്ങളാണ് നിങ്ങൾക്കോർമ വരിക; സീനറി. അതല്ല, ഇവിടെ പറയുന്നത്.

പിന്നെയോ? നമുക്കു ചുറ്റുമുള്ളതെന്തുമാവാം. മനുഷ്യൻ, പക്ഷി, മൃഗം, മല, പുഴ എല്ലാമുണ്ട്. വരക്കുന്ന നമ്മളും ഇതിന്റെ ഭാഗമാണ്. നമ്മുടെ മുമ്പിൽ കാണുന്ന ചായ കുടിച്ച ഗ്ലാസും അതുവെച്ച മേശയും ഇരിക്കുന്ന കസേരയും കാലിലിട്ട ചെരുപ്പും സ്കൂൾ ബാഗും പുസ്തകവും എല്ലാമുണ്ട് നമ്മുടെ കാഴ്ചകളിൽ.

അതൊക്കെ നോക്കി വരച്ചുകൊണ്ടേയിരിക്കുക. ഒഴിവുസമയങ്ങളിലൊക്കെ നമ്മൾ വരക്കുന്നത് ഗ്ലാസാണെന്നു കരുതുക. വരച്ചു നോക്കി ശരിയാവുന്നില്ലെങ്കിൽ റബ്ബറുകൊണ്ട് മായ്ച്ച് മായ്ച്ച് നേരം കളയണ്ട. രണ്ടാമതു വരയ്ക്കുക. തെറ്റിയാൽ മൂന്നാമത്. അങ്ങനെ വരച്ചുവരച്ച് ശരിയായെന്നൊരു തോന്നൽ വരും. അതും ശരിയല്ല. ആ



ഗ്ലാസ് പലതരത്തിൽ മേശപ്പുറത്തു വെച്ചുനോക്കിയാൽ പലതരത്തിലാണ് കാണുക. ചില മാതൃകകൾ ഉദാഹരണത്തിന് കാണിക്കാം. പക്ഷേ ഒരിക്കലും ഈ ചിത്രം നോക്കി വരക്കരുത്. നിങ്ങൾക്ക് നിങ്ങളുടെ വീട്ടിലെ ഗ്ലാസെടുത്തുവെച്ച് ഇങ്ങനെയൊക്കെ പരീക്ഷിക്കാം. ഉയർത്തിവെച്ചും താഴെ വെച്ചും എല്ലാം.

ആദ്യമൊരു മരത്തിന്റെ കാര്യം, ഇപ്പോഴൊരു ഗ്ലാസിന്റെ കാര്യം. എന്തൊരു ബോറ് അല്ലേ? എനിക്കറിയാം; നിങ്ങൾ വരയ്ക്കാൻ ആഗ്രഹിക്കുന്നത് ഇതൊന്നുമല്ലെന്ന്. നമ്മൾ അതൊക്കെത്തന്നെയാണു ചെയ്യാൻ പോകുന്നത്. പക്ഷേ ഇതൊരു ക്രമമുള്ള തുടക്കം മാത്രം എന്നു കരുതിയാൽ മതി. എല്ലാ രൂപങ്ങളും എപ്പോഴെങ്കിലും നമുക്കു വരക്കേണ്ടിവരും. കലാജീവിതത്തിലും മറ്റു പഠനങ്ങളിലും.

താഴെ കാണുന്നത് ചിത്ര ഭാഷയിൽ മരങ്ങളാണ്. അവയെ തന്നെ പല രീതിയിൽ വരക്കാം.

(തുടരും)

